## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6321** **10-07-2024 - ൽ മറുപടിയ്ക്ക്**

## കോട്ടക്കൽ മണ്ഡലത്തിലെ അമൃത് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കോട്ടക്കൽ മണ്ഡലത്തിലെ കോട്ടക്കൽ നഗരസഭ, വളാഞ്ചേരി നഗരസഭ എന്നിവിടങ്ങളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന അമൃത് പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദമാക്കുമോ; | (എ) | കോട്ടക്കൽ മണ്ഡലത്തിൽ അമൃത്-2 പദ്ധതിയിൽ ഉൾപ്പെടുത്തി കോട്ടക്കൽ മുനിസിപ്പാലിറ്റിയിൽ കുടിവെള്ള വിതരണ ശൃംഖലകൾ ദീർഘിപ്പിക്കുന്നതിനും, പഴയതും കേടായതുമായ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനും, കുടിവെള്ള കണക്ഷനുകൾ നല്കുന്നതിനുമായി 14.98 കോടി രൂപ, 2.53 കോടി രൂപ, 5.00കോടി രൂപ ഇവയുടെ പ്രൊപ്പോസൽ ഭരണാനുമതിക്കായി സ്റ്റേറ്റ് മിഷൻ മാനേജ്മെന്റ് യൂണിറ്റിൽ (അമൃത്) സമർപ്പിച്ചിട്ടുണ്ട്.<br><br>വളാഞ്ചേരി മുനിസിപ്പാലിറ്റിയിൽ ഫേസ്-1-പ്രവൃത്തിയിൽ വിതരണ ശൃംഖലകൾ മാറ്റി സ്ഥാപിക്കുന്നതിനും, കുടിവെള്ള കണക്ഷനുകൾ നല്കുന്നതിനുമായി ആയി 26.00കോടി രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. ഇത് ഭരണാനുമതിക്കായി SMMU വിൽ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br><br>വിതരണശൃംഖല ദീർഘിപ്പിക്കുന്നതിനും കേടായ പൈപ്പ് മാറ്റി സ്ഥാപിക്കുന്നതിനും 4650 കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുമായി 24.309 കോടി രൂപയുടെ 3 പദ്ധതികൾ കോട്ടക്കൽ നഗരസഭ അമൃത് മിഷൻ മാനേജ്മെന്റ് യൂണിറ്റിൽ സമർപ്പിച്ചിട്ടുണ്ട്. ടി പദ്ധതികൾ അമൃത് 2.0 യുടെ മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>അമൃത് 2.0 യുടെ മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി 1.08 കോടി രൂപയുടെ 5 വാട്ടർ ബോഡി റെജ്യൂവനേഷൻ പദ്ധതികളും പാർക്കുകളുടെ നവീകരണത്തിന് 0.65 കോടി രൂപയുടെ ഒരു പദ്ധതിയും സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതികൾ അംഗീകാരത്തിനായി അമൃത് അപ്പക്സ് കമ്മിറ്റിയിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| | | | വാളഞ്ചേരി നഗരസഭയ്ക്കായി അമൃതിൽ 13.74 കോടി രൂപ കുടിവെള്ള പദ്ധതികൾക്ക് അനുവദിച്ചിട്ടുണ്ടെങ്കിലും നിലവിൽ വാളഞ്ചേരി നഗരസഭ പദ്ധതികളൊന്നും സമർപ്പിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത നഗരസഭകളിൽ അമൃത് പദ്ധതി വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ പ്രൊപ്പോസലുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോ; പദ്ധതി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ബി) | അംഗീകാരം ലഭിച്ചിട്ടില്ല. സംസ്ഥാനതല സാങ്കേതിക സമിതിയിലും (SLTC), തുടർന്നു വരുന്ന ഉന്നതാധികാര സമിതിയിലും (SHPSC) അപ്പക്സ് കമ്മിറ്റിയിലും സമർപ്പിച്ച് അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ